# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

## STD IX

പാഠം 2

## അടയാളങ്ങളും പ്രതീകങ്ങളും

ഭാഗം 1

1. ദൈവാരാധനയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളം ഏത്?
വാക്കുകൾ

2. 'മദ്ബഹ' എന്ന വാക്കിന്റെ അർത്ഥം
ബലിവേദി

3. ദൈവാരാധനയിൽ ശുശ്രൂഷിക്കുന്ന ഡീക്കന്മാർ ആരെ സൂചിപ്പിക്കുന്നു?
മലാഖമാരെ

4. ആരാധനാവത്സരത്തിൽ എത്ര കാലങ്ങൾ ഉണ്ട്
9

5. പഴയനിയമത്തിൽ ഉയർത്തപ്പെട്ട പിച്ചളസർപ്പം എന്തിന്റെ അടയാളമായിരുന്നു.
കാൽവരിയിൽ കുരിശിൽ ഉയർത്തപ്പെട്ട ഈശോയിലൂടെ നമുക്ക് ലഭിച്ച രക്ഷയുടെ അടയാളമായിരുന്നു

6. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ആരാധനാഗീതങ്ങൾ | - | നീതി |
| ത്രാസ് | - | മിശിഹാ |
| വൈദീകൻ | - | സ്വർഗ്ഗീയ ഗീതങ്ങൾ |

7. സ്നേഹം എങ്ങനെയാണ് ജീവിതത്തിൽ അടയാളങ്ങൾ വഴി പ്രകടമാക്കുക ?
ആലിംഗനം. സമ്മാനദാനം തുടങ്ങിയവ സ്നേഹത്തിന്റെ ദൃശ്യമായ അടയാളങ്ങളാണ്. മറ്റുള്ളവരെ സഹായിച്ചും പ്രോത്സാഹിപ്പിച്ചും നമുക്ക് സ്നേഹം പ്രകടപ്പിക്കാൻ സാധിക്കും.

8. കൂദാശകൾ എപ്രകാരമാണ് അടയാളങ്ങളായിത്തീരുന്നത്?
അദൃശ്യമായ സ്വർഗ്ഗീയ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന അടയാളമാണ് കൂദാശ. അദൃശ്യമായ കൃപാവരം കൂദാശകളിൽ ദൃശ്യമായ അടയാളങ്ങൾ വഴി നമുക്ക് ലഭിക്കുന്നു.

9. മനുഷ്യാവതാരത്തിൽ അടയാളങ്ങളുടെ പങ്ക് എന്താണ്?
അടയാളങ്ങൾ ഉപയോഗിക്കുക എന്നത് ദൈവീക പദ്ധതിയുടെ ഭാഗമാണ്. അദൃശ്യനായ ദൈവം തന്റെ സ്നേഹം വെളിപ്പെടുത്താനായി മനുഷ്യനായി പിറന്നു. ഈശോ സ്ഥാപിച്ച ദൃശ്യമായ സഭയുടെ കൂദാശകളും ദൈവീക പദ്ധതിയുടെ അടയാളങ്ങളാണ്.